# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1797 — 4.10.2016 -ൽ മറുപടിയ്ക്ക്

## ടൂറിസ്റ്റ് ഡസ്റ്റിനേഷനുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എം.ഉമ്മർ : | | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
| എ) | സംസ്ഥാനത്തെ പ്രസ്റ്റീജ് ടൂറിസ്റ്റ് ഡസ്റ്റിനേഷനുകളുടെ ശുചിത്വമില്ലായ്മ, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ വിനോദസഞ്ചാര മേഖലയുടെ വളർച്ചയെ ദോഷകരമായി ബാധിക്കുന്നകാര്യം ഗൗരവപൂർവ്വം പരിഗണിക്കുന്നുണ്ടോ; | എ) | ഇക്കാര്യം പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | എങ്കിൽ ഉയർന്ന ശുചിത്വ നിലവാരം ഉറപ്പാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സുരക്ഷാ സംവിധാനങ്ങൾ കുറ്റമറ്റതാക്കുന്നതിനും എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ബി) | വിനോദ സഞ്ചാര മേഖലയിൽ ഉയർന്ന ശുചിത്വ നിലവാരം ഉറപ്പാക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സുരക്ഷാ സംവിധാനങ്ങൾ കുറ്റമറ്റതാക്കുന്നതിനുമായി വിവിധങ്ങളായ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ , സന്നദ്ധ സംഘടനകൾ എന്നിവ വഴി ഇതിനുള്ള പദ്ധതികൾ നടത്തിവരുന്നു.ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതിയും പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളും വകുപ്പ് നടത്തി വരുന്നു..വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യത്തിനും വികസനത്തിനും വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം ഉൾപ്പെടെയുള്ള സംഗതികൾക്കായി ഗ്രീൻ കാർപ്പെറ്റ് എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസം മേഖലകളിലെ സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | ബോധവത്ക്കരണം, അപകട സൂചനാ ബോർഡുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം ടൂറിസം കേന്ദ്രങ്ങളിൽ നൽകിയിട്ടുണ്ട്. പ്രധാന ബീച്ചുകളിൽ മെച്ചപ്പെട്ട പരിശീലനം ലഭിച്ച ലൈഫ് ഗാർഡുകളുടെ സേവനം ലഭ്യമാക്കുകയും ജീവൻ രക്ഷാ ഉപകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br>അടിയന്തിര സാഹചര്യങ്ങളെ നേരിടുവാൻ പര്യാപ്തമായ കണ്ടിജൻസി റെസ്പോൺസ് സെൽ ടൂറിസം വകുപ്പ് സംസ്ഥാന തലത്തിൽ രൂപീകരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ